**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 416** **14-03-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ചരക്കുനീക്കം സുഗമമാക്കുന്നതിനും ഗതാഗത സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ ആരംഭിച്ചിട്ടുള്ള വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ NH-66 മായി ബന്ധിപ്പിക്കുന്നതിനായി 2 കിലോമീറ്റർ നീളത്തിൽ ഒരു നാലുവരി പാത പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നുണ്ട്. ഇതിൽ ഉൾപ്പെട്ടുവരുന്ന 2 പാലങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ടി റോഡ് NH-66 മായി ബന്ധിപ്പിക്കുന്ന ഇന്റർസെക്ഷന്റെ ഡിസൈനിന് NHAI യുടെ അന്തിമ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം നടത്തി തുറമുഖത്തിൽ നിന്നും വരുന്ന അപ്രോച്ച് റോഡിനെ NH-66 മായി ബന്ധിപ്പിക്കുന്നതാണ്.<br><br>തുറമുഖത്തിലെ ചരക്കുനീക്കം റെയിൽ മാർഗ്ഗം സുഗമമാക്കുന്നതിനായി തുറമുഖത്തിൽ നിന്നും 10.5 കിലോമീറ്റർ നീളത്തിൽ റെയിൽ പാത നിർമ്മിച്ച് ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ടി പദ്ധതി കൊങ്കൺ റെയിൽ കോർപ്പറേഷൻ മുഖേനയാണ് നടത്തുന്നത്. ടി പദ്ധതിയുടെ DPR ന് ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുപ്പ് നടപടികൾ പുരോഗമിച്ചു വരികയാണ്. സമാന്തരമായി ടെൻഡർ വിളിക്കുന്നതിനുള്ള നടപടികളും കൊങ്കൺ റെയിൽവേ കോർപ്പറേഷനിൽ പുരോഗമിച്ചു വരികയാണ്.<br><br>കൂടാതെ, വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ സജ്ജമാകുന്നതോടുകൂടി എത്തിച്ചേരാൻ സാധ്യതയുള്ള അവസരങ്ങളെ വിനിയോഗിക്കുക എന്ന ഉദ്ദേശത്തോടുകൂടി വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഒരു വികസന ഇടനാഴി സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള 80 കി.മീ. നീളമുള്ള Outer Ring Road-ന്റെ ടെന്റർ നടപടികൾ NHAI ആരംഭിച്ചിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ബി) | ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഭൂമി വിട്ടുനൽകിയിട്ടുള്ള ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | തുറമുഖവും ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.5 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽവേയുടെ 9.35 കിലോമീറ്റർ ദൂരം ഭൂമിക്കടിയിലൂടെ തുരങ്കപാതയായും ബാക്കിയുള്ള 1.15 കിലോമീറ്റർ ഭൂമിക്കു മുകളിലൂടെയുമാണ് നിർമ്മിക്കുന്നത്. ആയതിലേക്ക് 6.431 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. 2013 LARRA പ്രകാരമാണ് സ്ഥലം ഏറ്റെടുക്കുന്നത്. |
| (സി) | തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിൽ നൈപുണ്യ പരിശീലനത്തിനായുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണത്തിലെ പുരോഗതി വിശദമാക്കുമോ? | (സി) | വിഴിഞ്ഞം കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നിർമ്മാണ പുരോഗതി നിലവിൽ 80% കൈവരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്കിൽ പാർക്കിൽ തൊഴിൽ നൈപുണ്യ വികസന പരിശീലനം ആരംഭിക്കുന്നതാണ്. വിഴിഞ്ഞത്തെ ട്രാൻസിറ്റ് ക്യാംമ്പസിൽ നവംബർ 2019 മുതൽ ഓപ്പറേറ്റിംഗ് പാർട്ണർ ആയി അദാനി സ്കിൽസ് നൈപുണ്യ പരിശീലനം നൽകിവരുന്നുണ്ട്. ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ ഭരണസമിതി, കോഴ്സുകളിൽ തദ്ദേശവാസികൾക്ക് പരമാവധി പ്രാധാന്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ